**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 396** **01-02-2023 - ൽ മറുപടിയ്ക്ക്**

**മാനന്തവാടിയിലെ വെള്ളമുണ്ട ഗവ.ഐ .ടി. ഐ.ക്ക് സ്ഥലം നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ വെള്ളമുണ്ട ഗവ.ഐ.ടി.ഐ.ക്ക് സ്ഥലം വാങ്ങി നൽകുന്നതിനായി വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് നീക്കി വെച്ച തുക വിനിയോഗിച്ചിട്ടുണ്ടോ; | (എ) | തുക വിനിയോഗിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഐ.ടി.ഐ.ക്ക് സ്ഥലം വാങ്ങി നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഐ.ടി.ഐ.ക്ക് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ വസ്തു ആർജ്ജിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് രാജ് ചട്ടങ്ങൾ/ സർക്കാർ ഉത്തരവ്/ സർക്കുലർ എന്നിവ നിഷ്കർഷിക്കും പ്രകാരമുള്ള രേഖകൾ ലഭ്യമായിരുന്നില്ല. ആയതിനാൽ പ്രസ്തുത രേഖകളുടെ പകർപ്പുകൾ അടിയന്തരമായി ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ എവിടെയാണുള്ളതെന്നും ഈ ഫയൽ എത്ര കാലമായി തീർപ്പാകാതെ കിടക്കുന്നുവെന്നും തീർപ്പാക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിൽ RC1/10/2021/LSGD നമ്പരായി നടപടി സ്വീകരിച്ചുവന്ന പ്രസ്തുത ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ വിഷയ പുന:ക്രമീകരണത്തിന്റെ ഭാഗമായി 2022 ആഗസ്റ്റ് മാസം തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന് കൈമാറുകയും, പ്രസ്തുത വകുപ്പിൽ RE3/4/2022/LSGD നമ്പരായി നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.<br><br>2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ ഭൂമി വിലക്കെടുക്കൽ ആക്ട് പ്രകാരമുള്ള വസ്തു ആർജ്ജിക്കുന്ന അവസരത്തിൽ വിലക്കെടുക്കൽ ആക്ടിലെ വ്യവസ്ഥകളും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാകണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കൂടാതെ വിവിധ ആവശ്യങ്ങൾക്ക് ഭൂമി ആർജ്ജിക്കുന്ന അവസരങ്ങളിൽ വകുപ്പ് മേധാവികൾ നിലവിലെ സർക്കാർ ഉത്തരവ്/ സർക്കുലർ പ്രകാരം ആവശ്യമായ രേഖകൾ സഹിതം |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>എന്നാൽ പ്രസ്തുത വിഷയത്തിന്മേൽ ലഭ്യമായ പ്രൊപ്പോസലിൽ തുടർനടപടി സ്വീകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാകാഞ്ഞതിനാലാണ് പ്രസ്തുത ഫയൽ തീർപ്പാകാതിരിയ്ക്കുന്നത്. |
| (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് ഇടപെടൽ ഉണ്ടാവുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത വിഷയം തീർപ്പാക്കുന്നതിനായി പരിശോധിയ്ക്കേണ്ട രേഖകളുടെ പകർപ്പുകൾ ലഭ്യമായിക്കഴിഞ്ഞാൽ പ്രസ്തുത നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ